കോട്ടുളി മുതൽ സിവിൽ സ്റ്റേഷൻവരെയുള്ള റോഡിന്റെ പണി

267 [2323] ശ്രീ. എ. സുജനപാൽ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ എം. എൽ. എ. റോഡായ കോട്ടുളി മുതൽ സിവിൽ സ്റ്റേഷൻ വരെയുള്ള റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിന്റെ പണിയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 7,543 കിലോമീറ്റർ നീളമുള്ള പ്രസ്തുത റോഡിന്റെ പണി, സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഭാഗങ്ങളായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ കിലോമീറ്റർ 2/275 മുതൽ 3/925 വരെയും കിലോമീറ്റർ 4/925 മുതൽ 7/453 വരെയുമുള്ള ഭാഗങ്ങളുടെ പണി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കിലോമീറ്റർ 3/925 മുതൽ 4/765 വരെയുള്ള ഭാഗത്തിന്റെ പണി നടന്നുവരുന്നു. കിലോമീറ്റർ 0 മുതൽ 2/275 വരെയുള്ള ഭാഗം കോഴിക്കോട് സിറ്റി കോർപ്പറേഷനിൽ നിന്നും വിട്ടുകിട്ടിയിട്ടില്ല. കോർപ്പറേഷനിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ഏറ്റെടുക്കുന്നതാണ്.

പ്ളാപ്പള്ളി-കക്കി-വണ്ടിപ്പെരിയാർ റോഡിന്റെ അറ്റകുറ്റപ്പണി

268 [2324] ശ്രീ. രാജു എബ്രഹാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല അനുബന്ധ പാതകളിൽപ്പെട്ട പ്ളാപ്പള്ളി-കക്കി-വണ്ടിപ്പെരിയാർ (പി. കെ. വി.) റോഡിന്റെ അറ്റകുറ്റപ്പണിക്കായി പൊതുമരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പത്തനംതിട്ട-ഇടുക്കി പി. ഡബ്ളിയു. ഡി. ഡിവിഷനുകളിലായി കിടക്കുന്ന റോഡിന്റെ ഇടുക്കി ഡിവിഷനിൽ വരുന്ന ഭാഗം അറ്റകുറ്റപ്പണിക്കായി ടെൻഡർ ചെയ്തിട്ടുണ്ടോ;

(സി) പത്തനംതിട്ട ഡിവിഷനിൽ ഈ റോഡിന്റെ എത്ര കിലോമീറ്റർ ഭാഗമാണ് വരുന്നത് എന്നറിയിക്കാമോ;

(ഡി) ഈ ഭാഗത്തെ അറ്റകുറ്റപ്പണിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly